# 22.08.2016ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 22.08.2016ന് 11.00 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

മലയാള സിനിമയിലെ തിരകഥാകൃത്തായ ടി.എ റസാഖിന്റെ നിര്യാണത്തിൽ കൗൺസിൽ അനുശോചനം രേഖപ്പെടുത്തി.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പർ | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | ഉസ്മാൻകുട്ടി പരവക്കൽ | 4 |
| 5 | ബുഷ്റ ഷെബീർ | 5 |
| 6 | കെ.വി. രാജസുലോചന | 6 |
| 7 | ചന്ദ്രിക.കെ | 7 |
| 8 | ടി.വി. മുംതാസ് | 8 |
| 9 | പി. റംല ടീച്ചർ | 9 |
| 10 | അലവി തൈക്കാട്ട് | 10 |
| 11 | ടി.പി. സുബൈർ | 11 |
| 12 | അബ്ദുൾ റഹീം (നാണി) | 12 |
| 13 | ടി.വി. സുലൈഖബി | 13 |
| 14 | കെ.കെ. നാസർ | 14 |
| 15 | ജമീല അബു | 15 |
| 16 | റംല കറുത്തേടത്ത് | 16 |
| 17 | മാട്ടുമ്മൽതൊടി ഫരീദ | 17 |
| 18 | നന്ദകുമാർ പള്ള്യാൽ | 18 |
| 19 | അബ്ദുറഹ്മാൻ.കെ.വി. | 19 |
| 20 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 21 | വേളക്കാടൻ ലൈല റഷീദ് | 21 |
| 22 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 23 | കെ. ഗിരിജ | 23 |
| 24 | സൈതലവി | 24 |
| 25 | അമരിയിൽ ആഷിത റസാഖ് | 25 |
| 26 | ജിനി | 26 |
| 27 | വഹീദ ഖലീൽ | 27 |
| 29 | അഹമ്മദ് മണ്ടായപ്പുറം | 29 |
| 30 | കെ. കമലാക്ഷി | 30 |
| 31 | സാജിദ് മങ്ങാട്ടിൽ | 31 |
| 32 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ, ഇംപ്ലിമെന്റിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

**യോഗത്തിലെ തീരുമാനം**

## 1. G2-1574/16

2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി വാർഡ് സഭകൾ വിളിച്ചു ചേർക്കുന്നതിന് അടിയന്തിരമായി നോട്ടീസുകൾ അച്ചടിക്കുന്നതിന് ഹാൻഡ് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. ഓറിജിനൽ പ്രസ്സ് കോട്ടക്കൽ എന്ന സ്ഥാപനത്തിന്റെ 11200/-രൂപയുടെ ക്വട്ടേഷന് മുൻകൂർ അനുമതി നൽകിയ ബഹു. ചെയർമാന്റെ നടപടി കൗൺസിൽ സാധൂകരണത്തിനായി.

### തീരുമാനം

അംഗീകരിച്ചു.

## 2. G3-10074/11

കോട്ടക്കൽ സി.എച്ച്.സി.യിലെ പാലിയേറ്റീവ് കെയർ നാഴ്സ് പ്രസവാവധിയിൽ പ്രവേശിപ്പിച്ച കാലയളവിൽ ഓണറേറിയത്തിനും ടെലഫോൺ അലവൻസിനും അർഹതയുണ്ടെന്നു കരുതി തുക അനുവദിക്കുകയും പിന്നീട് ടി കാലയളവിൽ ആയതിന് അർഹതയില്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ട്രഷറിയിൽ തിരിച്ച് അടക്കുകയും, പിന്നീട് പ്രോജക്ട് റിവൈസ് ചെയ്തപ്പോൾ പ്രസ്തുത തുക കുറച്ച് കാണിച്ചതിനാൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചപ്പോൾ തുകയില്ലാത്തതുകാരണം മാർച്ച് മാസത്തെ ഓണറേറിയവും ടെലഫോൺ 10000/-രൂപയും ടെലഫോൺ അലവൻസ് 300/-രൂപയും കൂടാതെ കഴിഞ്ഞ വർഷത്തെ ഓണം ഉത്സവബത്ത 900/-രൂപയും ചേർത്ത് ആകെ 11200/-രൂപ പാലിയേറ്റീവ് കെയർ നഴ്സിന് അനുവദിക്കണമെന്ന കോട്ടക്കൽ സി.എച്ച്.സി. മെഡിക്കൽ ഓഫീസറുടെ 6/4/2016, 11/1/2016 തീയതിയിലെ 186/15, 18/16 നമ്പർ കത്തുകൾ കൗൺസിൽ പരിഗണനയ്ക്ക്

**കുറിപ്പ്:** പദ്ധതി മാർഗരേഖ പ്രകാരം നൽകേണ്ട തുകയാണ്.

### തീരുമാനം

അംഗീകരിച്ചു.

## 3. G4-16388/15

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01.07.2016 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പിന്റെ 10/8/2016ലെ സ.ഉ.(അച്ചടി) നം.30/2016/തസ്വഭവ നമ്പർ ഉത്തരവ് ബഹു. കൗൺസിലിന്റെ അറിവിലേയ്ക്ക്.

### തീരുമാനം

വായിച്ചു റിക്കാർഡാക്കി.

## 4. H1-27/15

കോട്ടക്കൽ നഗരസഭയെ ODF നഗരസഭയായി പ്രഖ്യാപിച്ചതിന് അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ 04/08/2016ലെ ഡിസി1-12890/2016 നമ്പർ കത്ത് കൗൺസിലിന്റെ അറിവിലേയ്ക്ക്.

### തീരുമാനം

വായിച്ചു റിക്കാർഡാക്കി.

## 5. H1-10927/16

കോട്ടക്കൽ നഗരസഭാ സി.എച്ച് ഓഡിറ്റോറിയത്തിന് പരിസരത്ത് മാലിന്യ സംസ്കരണത്തിന് സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്റർ മാറ്റുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്: 1)** ഡെപ്യൂട്ടി കളക്ടർ LA (NH-17) യുടെ 18/7/2016ലെ എ-87/2016 നമ്പർ കത്ത്.

2) ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട്.

### തീരുമാനം

പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് മാറ്റി വെച്ചു.

## 6. PW3-11749/16

കോട്ടക്കൽ നഗരസഭയിലെ KSEB ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ എന്ന പേരിൽ ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുന്നതിന് 60 സെന്റ് സ്ഥലമോ കെട്ടിടമോ സൗജന്യമായി ലഭ്യമാക്കുന്നതിന് കോട്ടക്കൽ സെക്ഷൻ KSEB സബ്ബ് എഞ്ചിനീയറുടെ കത്ത് കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

പരിശോധിക്കുന്നതിന് വേണ്ടി സെക്രട്ടറിയെ ചുമതലപ്പടുത്തി.

## 7. PW3-11814/16

കോട്ടക്കൽ നഗരസഭയിലെ 28-ാം വാർഡ് HMS ഹോസ്പിറ്റലിന് സമീപത്തുള്ള നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാലത്തറ കുളത്തിനു ചുറ്റുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് കുളം ഉപയോഗയോഗ്യമാക്കുന്നതിന് താൽപര്യമുണ്ടെന്ന് HMS ഹോസ്പിറ്റൽ മാനേജറുടെ കത്ത് കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

നിബന്ധനകളോടുകൂടി അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**8.** 2016 ജൂലൈ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ

**തീരുമാനം**

2016 ജൂലൈ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിച്ചു.

| | | |
|---|---|---|
| 1 | **പ്രാരംഭ ബാക്കി** | **60072253** |
| 2 | **രശീതി** | **2634136** |
| 3 | **ആകെ** | **62706389** |
| 4 | **ചെലവ്** | **4446921** |
| 5 | **നീക്കിയിരിപ്പ്** | **58259468** |

**9.** 2016 ആഗസ്ത് മാസത്തെ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സംബന്ധിച്ച്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി.

**10. 2016-17** വർഷത്തെ പദ്ധതി സംബന്ധിച്ച്.

**തീരുമാനം**

ചർച്ച ചെയ്തു.

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു**

## 11. H1-12203/16

നഗരസഭയുടെ കീഴിലുള്ള CH ഓഡിറ്റോറിയത്തിൽ സ്ഥാപിച്ച ഇൻസിനറേറ്റർ വഴി മാലിന്യ സംസ്കരണം നടത്തുന്ന ശ്രീ. പ്രഭാകരൻ, പാറേങ്ങൽ ഹൗസ്, എന്നിവരുടെ കരാർ കാലാവധി 2016 സെപ്തംബർ 6ന് അവസാനിക്കുകയാണ്. ടിയാന്റെ കരാർ, കാലാവധി ഒരു വർഷമാക്കി ദീർഘിപ്പിച്ച് പുതുക്കി അനുവദിക്കുന്നതിനും, തുടക്കം മുതൽ നല്കിവരുന്ന വേതനത്തിന് വർദ്ധനവ് അനുവദിക്കണമെന്നും ശ്രീ. പ്രഭാകരൻ അപേക്ഷിച്ചിരിക്കുന്നു. ടി വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

കരാർ കാലാവധി 6 മാസം നീട്ടുന്നതിന് തീരുമാനിച്ചു.

## 12. H1-12210/16

കോട്ടക്കൽ നഗരസഭ 2/212B നമ്പർ കെട്ടിടത്തിൽ (സർവ്വേ നമ്പർ- 134/3 ഷാജഹാൻ.കെ.പി., കുഴുപ്പിള്ളിൽ ഹൗസ്, എന്നവർക്ക് 10HP മോട്ടോർ സ്ഥാപിക്കുന്നതിന് ഇൻസ്റ്റാലേഷൻ പെർമിഷൻ അനുവദിക്കുന്ന വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക്.

## തീരുമാനം

അംഗീകരിച്ചു.

## 13. H1-14807/14

മുനിസിപ്പൽ/കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം സി.എൽ.ആർ ജീവനക്കാരുടെ ദിവസവേതനം 600/-രൂപയാക്കി ഉയർത്തികൊണ്ട് കേരള സർക്കാർ 26/7/2016ന് 2242/2016/തസ്വഭവ നമ്പർ ഉത്തരവ് ഇറങ്ങിയ വിവരം കൗൺസിന്റെ അറിവിലേയ്ക്ക്. ോ

## തീരുമാനം

വായിച്ചു റിക്കാർഡാക്കി.

## 14.14103/15

കോട്ടക്കൽ നഗരസഭയിലെ 1/400 നമ്പർ കെട്ടിടത്തിൽ ശ്രീ. ജോൺ മാത്യൂ, വിളവിനാൽ വീട്, മുണ്ടുപറമ്പ് എന്നിവർ ഒരു വെൽഡിംഗ് വർക്ക്ഷോപ്പ് നടത്തുന്നതിന് അനുമതി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി കെട്ടിടത്തിൽ 10HP മോട്ടോർ ഇൻസ്റ്റാലേഷൻ പെർമിഷൻ അനുവദിക്കുന്ന വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക്.

## തീരുമാനം

അംഗീകരിച്ചു.

## 15. G4-7274/14(3)

2015 ഇലക്ഷനുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് അടിയന്തിര ചിലവുകൾ വഹിക്കുന്നതിനായി ഉണ്ണികൃഷ്ണൻ.എം.പി., സീനിയർ ക്ലാർക്കിന്റെ പേരിൽ 10.06.2015, 09.09.2015 തീയതികളിൽ 50,000/-രൂപ വീതം ആകെ ഒരു ലക്ഷ രൂപ അഡ്വാൻസ് എടുത്ത് ക്രമീകരിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 01.06.2015ന് കരട് വോട്ടർ പട്ടിക 32 വാർഡുകളുടെ 30 കോപ്പിവീതവും, 07.09.2015ന് അന്തിമ വോട്ടർപട്ടിക 32 വാർഡുകളുടെ 30 കോപ്പി വീതവും (പേജൊന്നിന് 2/-രൂപ നിരക്കിൽ) പ്രിന്റ് ചെയ്തവകിൽ 91440/-രൂപയും സ്റ്റേഷണറി, റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ 8560/-രൂപയും ചേർത്ത് ആകെ ഒരു ലക്ഷം രൂപ ചിലവ് വന്നിട്ടുള്ളതാണ്.

## തീരുമാനം

അംഗീകരിച്ചു.

## 16.G3-/12932/16

സംസ്ഥാനത്തെ വിവിധ ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/ സംഘങ്ങൾ വഴിവിതരണം ചെയ്യുന്നത് സംബന്ധിച്ച സർക്കാറിന്റെ 15/8/2016ലെ GO(MS) No. 324/2016/Fin ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസട്രാറിന്റെ 17/8/2016ലെ ജി(1)34671/2016 നമ്പർ കത്ത് കൗൺസിലിന്റെ അറിവിലേയ്ക്കും പരിഗണനയ്ക്കും.

## തീരുമാനം

സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ സമൂഹ്യ സുരക്ഷാ പെൻഷനുകൾ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന പദ്ധതി സംബന്ധിച്ച് തിരുവനന്തപുരം സഹകരണ സംഘം രജിസ്ട്രാറുടെ 17/8/2016ലെ ജി1-34671/16 നമ്പർ സർക്കുലർ (നമ്പർ 28/2016) വായിച്ചു റിക്കാർഡാക്കി. പെൻഷൻ കുടിശ്ശിക പൂർണ്ണമായും എത്രയും വേഗം കൊടുത്തു തീർക്കുന്നതിന് കൗൺസിൽ ഐക്യകണ്ഠേന പാസാക്കി.

പദ്ധതിയുടെ നടത്തിപ്പിനായി കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

17.-H1/17984 /15

തീരുമാനം

വൃക്കരോഗികളുടെ ഡയാലിസിസ് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. ടി. അലവിയേയും, ശ്രീ. ടി.പി. സുബൈർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് താഴെ ചേർത്ത പ്രകാരം കോട്ടക്കൽ നഗരസഭ കിഡ്നി പേഷ്യന്റ്സ് വെൽഫയർ കമ്മിറ്റി രൂപീകരിച്ചു

| | | | |
|---|---|---|---|
| 1. | ചെയർമാൻ | – | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 2. | കൺവീനർ | – | സെക്രട്ടറി. |
| 3. | അംഗങ്ങൾ | – | ജില്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, കൗൺസിലർമാരായ ശ്രീ. ടി.പി. സുബൈർ, ശ്രീമതി. രാജ സുലോചന എന്നിവരും. |

കോട്ടക്കൽ ചങ്കുവെട്ടിയിലെ അൽമാസ് ആസുപത്രിയുടെ സഹകരണത്തോടെ നഗരസഭ നടത്തുന്ന സൗജന്യ ഡയാലിസിസ് സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമായ തീരുമാനം എടുക്കുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**18.-G3-12931/16**

കോട്ടക്കൽ നഗരസഭയിൽ ഡയബറ്റിക് ക്ലബ് ഉണ്ടാക്കുന്നതിനുള്ള വയോമിത്രം കോർഡിനേറ്ററുടെ കത്ത് കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

- പ്രമേഹ രോഗികൾക്ക് സൗജന്യ നിരക്കിൽ ഇൻസുലിൻ വിതരണം തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.
- ഡയബറ്റിക് ക്ലബ് രൂപീകരിക്കുന്നിന് തീരുമാനിച്ചു. മറ്റ് നടപടി സ്വീകരിക്കാൻ വയോമിത്രം കോ–ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

(യോഗം 1.15ന് അവസാനിച്ചു.)

(ഒപ്പ്)
**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**